മുക്കം—തേക്കുംകുറ്റി, കൂടരഞ്ഞി റോഡിൻറേയും, പാലത്തിൻറേയും പണി

394 [428] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പി.ഡബ്ലിയു.ഡി. ഏറെടുത്ത മുക്കം—തേക്കുംകുറ്റി കൂടരഞ്ഞി റോഡിൻറേയും പ്രസ്തുത റോഡിലുള്ള കോലോത്തുകടവ് പാലത്തിൻറേയും നിർമ്മാണം എന്നാരംഭിക്കുമെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

റോഡുപണിക്കും പാലംപണിക്കും വേണ്ടിവരുന്ന എസ്റ്റിമേറ് ചീഫ് എഞ്ചിനീയർ പരിശോധിച്ചുവരുന്നതേയുള്ളൂ. അതിനാൽ നിർമ്മാണം എന്ന് ആരംഭിക്കുമെന്ന് ഇപ്പോൾ പറയാൻ പ്രയാസമാണ്.

പാലങ്ങളുടെ പണി

395 [429] ശ്രീ. എം.പി.എം. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985–86 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്ത് എത്ര പുതിയ പാലങ്ങളുടെ പണി പൂർത്തിയായി;

(ബി) പൂർത്തിയാകാത്ത പാലങ്ങൾ എത്ര;

(സി) ഇതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) റോഡുകളും പാലങ്ങളും വിഭാഗത്തിൽ വരുന്ന 25 പാലങ്ങളുടെ പണി പൂർത്തിയായി. നാഷണൽ ഹൈവേ വിഭാഗത്തിൽവരുന്ന ഒരു പാലത്തിൻറെ പണി പൂർത്തിയായി.

(ബി) ബി ആൻറ് ആർ വിഭാഗത്തിൽവരുന്ന 59 എണ്ണം.

(സി) സാമ്പത്തിക പരിമിതികളാണ് പ്രധാന കാരണം.

തീയർ കടവിലെ പാലത്തിൻറെ എസ്റ്റിമേറ്

396 [431] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉളിക്കൽ—നൂച്ചിയാട്—ചമതച്ചാൽ—പയ്യാവൂർ റോഡിൽപ്പെട്ട തീയർ കടവിലെ പാലത്തിൻറെ എസ്റ്റിമേറ് തയ്യാറാക്കിയോ;

(ബി) തയ്യാറാക്കിയെങ്കിൽ തുക എത്ര;

(സി) ഇല്ലെങ്കിൽ ഇതിനുണ്ടാകുന്ന കാലതാമസത്തിന് കാരണമെന്താണ്?

ഉത്തരം

(എ, ബി) ഉളിക്കൽ—നൂച്ചിയാട്—ചമതച്ചാൽ—പയ്യാവൂർ റോഡ് പരിഷ്കരണത്തിനുവേണ്ടി (തീയർ കടവിൽപാലം പണി ഉൾപ്പെടെ) 72 ലക്ഷം രൂപയുടെ എസ്റ്റിമേറിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ പാലത്തിൻറെ വിശദമായ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് ഡിസൈനും തയ്യാറാക്കിയശേഷമേ പാലത്തിൻറെ മാത്രം എസ്റ്റിമേറ് തയ്യാറാക്കാൻ കഴിയുകയുള്ളൂ.

(സി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly